**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണവകുപ്പ് - ആലപ്പുഴ ജില്ലയിലെ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ആഫീസിലെ സീനിയർ ക്ളാർക്ക് ശ്രീമതി.സി.എ.സിനിമോളുടെ അനധികൃത ഹാജരില്ലായ്മക്കാലയളവ് ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

# തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്

സ.ഉ(സാധാ).നം. 2715/2016/തസ്വഭവ . തീയതി, തിരുവനന്തപുരം,23/09/2016

---

പരാമർശം: 1. ശ്രീമതി.സി.എ.സിനിമോളുടെ 25/05/2015 ലെ അവധിയപേക്ഷ.

2. പഞ്ചായത്ത് ഡയറക്ടറുടെ 11/08/2015,23/05/2016 തീയതികളിലെ ഇ 5-18128/15 നമ്പർ കത്തുകൾ.

## ഉത്തരവ്

ആലപ്പുഴ ജില്ലയിലെ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ആഫീസിലെ സീനിയർ ക്ളാർക്ക് ശ്രീമതി.സി.എ.സിനിമോളുടെ 18/11/2008 മുതൽ 15/01/2013 വരെയുള്ള അനധികൃത ഹാജരില്ലായ്മക്കാലയളവ് മെഡിക്കൽ സർട്ടിഫിക്കറ്റിന്മേലുള്ള ശൂന്യവേതനാവധിയായി ക്രമീകരിക്കുന്നതിന് ടിയാൾ പരാമർശം 1 പ്രകാരം സമർപ്പിച്ച അപേക്ഷക പഞ്ചായത്ത് ഡയറക്ടർ പരാമർശം 2 കത്തുകൾ പ്രകാരം സർക്കാരിൽ സമർപ്പിച്ചു.

2. ശ്രീമതി. സി.എ.സിനിമോൾ 18/11/2008 മുതൽ 15/01/2013 വരെയുള്ള കാലയളവിൽ അനധികൃതമായി ഓഫീസിൽ ഹാജരാകാതിരുന്നതിനാൽ ടിയാൾക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ച് ഒരു വാർഷിക ശമ്പള വർദ്ധനവ് സഞ്ചിത ഫലത്തോടെ തടഞ്ഞ് അച്ചടക്ക നടപടി തീർപ്പാക്കിയിരുന്നു

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആലപ്പുഴ ജില്ലയിലെ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ആഫീസിലെ സീനിയർ ക്ളാർക്ക് ശ്രീമതി.സി.എ.സിനിമോളുടെ 18/11/2008 മുതൽ 15/01/2013 വരെയുള്ള അനധികൃത ഹാജരില്ലായ്മക്കാലയളവ്

കെ.എസ്.ആർ, ഭാഗം I, ചട്ടം 88 പ്രകാരം ടി കാലയളവ് ഇൻക്രിമെന്റ്, ഹയർ ഗ്രേഡ്, പെൻഷൻ, ആർജ്ജിതാവധി എന്നീ ആനുകൂല്യങ്ങൾക്ക കണക്കാക്കുന്നതല്ല എന്ന വ്യവസ്ഥയിൽ മെഡിക്കൽ സർട്ടിഫിക്കറ്റിന്മേലല്ലാതെ ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ്വ പുറപ്പെടുവിയ്ക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**ശ്രീകല സി. എസ്**
**ഗവ. അണ്ടർ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
ശ്രീമതി.സി.എ.സിനിമോൾ , പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ആഫീസ്, ആലപ്പുഴ (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം)
ധനവകുപ്പ് ( 14/03/2016 ലെ 187893/റൂൾസ് -ബി 2/16/ധന നമ്പർ കുറിപ്പ്)
ഡയറക്ടർ, ഐ.കെ.എം (സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്).
ഓഫീസ് പകർപ്പ് / കരുതൽ ഫയൽ (ഇപിഎ 1/7/2016/തസ്വഭവ നമ്പർ ഫയൽ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ